കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടവണ്ണ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/457/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി. 13/05/2020

പ്രസിഡന്റ്, സെക്രട്ടറി മുഖേന

എടവണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടവണ്ണ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1),(2) എന്നിവ കാണുക).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എൽ. 5/20

നം.കെ.എസ്.എ.എം.പി.എം.5/457/2020

തിയതി:13/05/2020

**മലപ്പുറംജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.12.2018 മുതൽ 18.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും,ശ സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. അജിത്ത് ആർ, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.02.2020 മുതൽ 02.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അബ്ദുൾ സത്താർ. സി പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സന്തോഷ്.പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അഷ്റഫ്.കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.റസിയ ബഷീർ | 01.04.2018 മുതൽ 18.07.2018 വരെ |
| | | ശ്രീമതി.ബി.വി.ഉഷ നായർ | 19.07.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | : | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി | 01.04.2018 മുതൽ 31.03.2019വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.വിമലാദേവി.എ.ജി | 01.04.2018 മുതൽ 20.06.2018 വരെ |
| | | ശ്രീ.ജിൻസൺ ജോസ് | 21.06.2018 മുതൽ 09.10.2018 വരെ |
| | | ഒഴിവ് | 10.10.2018 മുതൽ 08.11.2018 വരെ |
| | | ശ്രീമതി.ബീന.പി.എ | 09.11.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.ഉസ്മാൻ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീ.സുബൈർ ബാബു.കെ | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | | ഡോ.സൂരജ്.സി | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | | ഡോ.മൻസൂറലി.വി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | | ഡോ.ശുഭ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.പുഷ്പജ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | | ഒഴിവ് | 01.04.2018 മുതൽ 05.08.2018 വരെ |
| | | ശ്രീ.അബൂബക്കർ | 06.08.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | | ശ്രീ.കൃഷ്ണദാസ്.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | ഡോ.പി.എസ്.ജമീലത്ത് | 01.04.2018 മുതൽ 22.06.2018വരെ |
| | | ഡോ.എൻ.കെ.ജീന | 23.06.2018 മുതൽ 31.03.2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നില്ല | 1-12 |
| 13 | വനിതാ വ്യായാമ പരിശീലന ശാല – പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-13 |
| 14 | ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കണം | 1-14 |
| 15 | ജാഗ്രതാ സമിതി കാര്യക്ഷമമാക്കേണ്ടതാണ്. | 1-15 |
| 16 | കാർഷിക വിജ്ഞാന വ്യാപനം-അപാകതകൾ | 1-16 |
| 17 | കാർഷിക സഹായ സംഘത്തിന് അടിസ്ഥാന സൗകര്യം. | 1-17 |
| 18 | പച്ചക്കറി പ്രോത്സാഹനം- അപാകതകൾ | 1-18 |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ അവലോകനം | 1-19 |
| 20 | വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-20 |
| 21 | മഞ്ചേരിക്കാട് VCB – സ്വകാര്യ വ്യക്തിയുടെ കയ്യേറ്റത്തിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല | 1-21 |
| 22 | പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകിയത്- ചെലവ് രേഖകൾ അപൂർണ്ണം | 1-22 |
| 23 | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്രക്കായി യാത്രാബത്ത അനുവദിച്ചത് - യാത്ര പോയതിന്റെ രേഖകളില്ല | 1-23 |
| 24 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- അപാകതകൾ | 1-24 |
| 25 | തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ | 1-25 |
| 26 | കുറഞ്ഞ ടെണ്ടർ നിരക്ക് കാണിച്ച ഫർണ്ണിച്ചർ വാങ്ങാത്തതിനാൽ | 1-26 |

| | | |
|---|---|---|
| | അധികച്ചെലവുണ്ടായി. | |
| 27 | ഹോമിയോ ആശുപത്രി പ്രളയത്തിലകപ്പെട്ടു- രജിസ്റ്ററുകൾ നൽകിയില്ല | 1-27 |
| 28 | 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയില്ല. | 1-28 |
| 29 | കവറേജ് അധികരിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകി. | 1-29 |
| 30 | കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ | 1-30 |
| 31 | പാർപ്പിടാവശ്യത്തിനു തരം മാറ്റി നൽകിയ സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണാനുമതി നൽകി. | 1-31 |
| 32 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 1-32 |
| 33 | തെരുവു വിളക്ക് അറ്റകുറ്റപ്പണിക്ക് വാങ്ങിയ സാധനങ്ങൾ നീക്കിയിരിപ്പില്ല | 1-33 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും- അപാകതകൾ | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 43 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1(1)-ാം തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019(AIMS) | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9608371 |
| വരവ് | 137586308 |
| ആകെ | 147194679 |
| ചെലവ് | 107811023 |
| നീക്കിയിരിപ്പ് | 39383656 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 22928878 | 22928878 | 20772143 | 2156735 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13603000 | 13603000 | 10875686 | 2727314 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 811000 | 811000 | 155660 | 655340 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 21492000 | 21492000 | 18480598 | 3011402 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4769000 | 4769000 | 3544598 | 1224402 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10641000 | 10641000 | 5513261 | 5127739 |
| ട്രഷറി ടി.എസ്.ബി | 1300932 | 41330792 | 42631724 | 22435934 | 20195790 |
| കനറാ ബാങ്ക്-സാക്ഷരത | 58833 | 91400 | 150233 | 0 | 150233 |
| SMGB-ടി.എസ്.സി | 395090 | 0 | 395090 | 0 | 395090 |
| എൻ.ആർ.ഇ.ജി.എസ് | 1313 | 377627 | 378940 | 376454 | 2486 |
| SMGB-ഐ.എ.വൈ | 5350 | 0 | 5350 | 0 | 5350 |
| SBT-തനത് ഫണ്ട് | 7443171 | 31876185 | 39319356 | 22870798 | 16448558 |
| SCB-തനത് ഫണ്ട്-കുടുംബശ്രീ | 5121 | 0 | 5121 | 0 | 5121 |

| | | | | | |
|---|---|---|---|---|---|
| SCB-തനത് ഫണ്ട് | 401 | 0 | 401 | 0 | 401 |
| SBT-തനത് ഫണ്ട്-E-payment | 107939 | 167213 | 275152 | 6243 | 268909 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 16845 | 4737072 | 4753917 | 2967417 | 1786500 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 321 | 179872950 | 179 | 90922505 | 115 | 27 | 55.76% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1313 | 355422 | 356735 | 354249 | 2486 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16256282 | 16256282 | 16256282 | 0 |
| ആകെ | 1313 | 16611704 | 16613017 | 16610531 | 2486 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം<br>Unemployment Allowance Scheme | 463800 | 238 |
| കർഷക തൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 5015000 | 439 |
| വിധവാ പെൻഷൻ<br>Destitute /Widow Pension | 16302800 | 1449 |
| വാർദ്ധക്യകാല പെൻഷൻ<br>National Old Age Pension | 29982200 | 2695 |
| വികലാംഗ പെൻഷൻ<br>Pension for Physically Challenged/Mentally Challenged | 6674400 | 595 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ<br>Pension for Unmarried women aged above 50 | 517100 | 49 |
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 570000 | 19 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 61,208 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) പഞ്ചായത്ത് കാര്യാലയ കോമ്പൗണ്ടിനകത്തു പ്രവർത്തിക്കുന്ന പലതരം സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കുകയോ, പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല. ടി സ്ഥാപനങ്ങൾക്ക് വാടക ഒഴിവാക്കി നൽകിയ സ്ഥലസൗകര്യം വാർഷികമായി കരാർ പുതുക്കി വാർഷികക്കണക്കിൽ റെമിഷൻ രേഖപ്പെടുത്തുന്നില്ല.

3) പഞ്ചായത്തിന്റെ വാർഷിക പ്രൊജക്റ്റുകൾ നിർവഹണം കഴിഞ്ഞാൽ മോണിറ്ററിംഗ് നടത്തി അക്കാര്യം രേഖപ്പെടുത്തുന്നില്ല.

4) പഞ്ചായത്തും നിർവഹണ ഉദ്യോഗസ്ഥരും പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിൽ ശ്രദ്ധ കാണിക്കുന്നില്ല.

5) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും ബാങ്ക് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

6) നിർവ്വഹണോദ്യോഗസ്ഥർ ചട്ടപ്രകാരം സൂക്ഷിക്കേണ്ട കാഷ് ബുക്കും, സബ്സിഡിയറി രജിസ്റ്ററും (അനുബന്ധം ബി IV), പ്രൊജക്റ്റ് രജിസ്റ്ററും (അനുബന്ധം ബി V) സൂക്ഷിക്കുന്നുവെന്ന് പഞ്ചായത്ത് ഉറപ്പു വരുത്തുന്നില്ല.

7). സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. എല്ലാ ഇനങ്ങളും സ്റ്റോക്കിൽ എടുത്തിട്ടില്ല. സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

8) പഞ്ചായത്ത് നടത്തി വരുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ കൃത്യമായ കണക്ക് തയ്യാറാക്കുന്നില്ല. ഓരോ വർഷവും ആകെ ഡിമാൻഡ് , കലക്ഷൻ, ബാലൻസ് എന്നിവ കണക്കാക്കി രേഖപ്പെടുത്തേണ്ടതാണ്.

9) പഞ്ചായത്തിന്റെ വാർഷിക പ്രൊജക്റ്റുകൾ വഴി മുൻകൂറായി തുകകൾ നൽകുന്നവയിൽ (മരുന്നു വാങ്ങൽ, കന്നുകുട്ടി പരിപാലനം, വിഹിതം നൽകൽ തുടങ്ങിയവ) മുൻകൂർ ക്രമീകരണ വിവരം പഞ്ചായത്ത് ആരായുകയോ, ക്രമീകരിക്കാത്ത തുകയുടെ വിവരം വാർഷികക്കണക്കിൽ ചേർക്കുകയോ ചെയ്യുന്നില്ല.

10) കുടുംബശ്രീയുടെ പക്കൽ വിവിധ അക്കൗണ്ടുകളിലായി 10 ലക്ഷത്തിൽ പരം തുക നീക്കിയിരിപ്പുണ്ട്. ഇവ എത്രയും വേഗം അതാതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ, തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

11) വാർഡുകളിൽ പ്രവർത്തിക്കുന്ന വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റികളുടെ (WHSC) കാഷ് ബുക്ക്, പാസ് ബുക്കിലെ തുകകളുമായി പൊരുത്തപ്പെടുന്ന തരത്തിൽ എഴുതിത്തയ്യാറാക്കാൻ കമ്മറ്റികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.01.2020 | ഡിസംബർ-2019 | 24.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.06.2017-23.06.2017 | 2012-13 മുതൽ 2016-17 വരെ | 03.08.2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ

അപാകതകൾ.

1. MGNREGA - ആസ്തിയിനത്തിൽ ചെലവഴിച്ച തുക Capital contributin പൂർണമായും ബുക്ക് ചെയ്തിട്ടില്ല.
2. Joint Venture Projects- ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക [B4] നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല [B17].
3. ICDS – കേന്ദ്ര ഫണ്ട് ചെലവ് പത്രികയിലേതുമായി (സുലേഖ) പൊരുത്തപ്പെടുന്നില്ല.
4. Beneficiary Contribution ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. Joint Venture Projects- വരവ് ഇനത്തിൽ ബുക്ക് ചെയ്ത തുക പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
6. ഗുണഭോക്ത വിഹിതം ഇനത്തിൽ നേരിട്ട് ചെലവഴിച്ച തുക ചെലവ് പത്രികയിൽ (സുലേഖ) ഉൾപ്പെടുത്തിയിട്ടില്ല.
7. തൊഴിൽ രഹിത വേതനം രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
8. വികസനഫണ്ട് (ജനറൽ) - ആസ്തിയിനത്തിൽ ചെലവഴിച്ച തുക Capital contributin പൂർണമായും ബുക്ക് ചെയ്തിട്ടില്ല.
9. സംരക്ഷണ ഗ്രാന്റ് (റോഡ്) - ആസ്തിയിനത്തിൽ ചെലവഴിച്ച തുക Capital contributin -നായി ബുക്ക് ചെയ്തിട്ടില്ല.
10. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
11. ഡിപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
12. Non Residential Buildings - ന്റെ അരിയർ ഡിമാന്റ്, അരിയർ കളക്ഷൻ, കറന്റ് കളക്ഷൻ, എന്നിവ സഞ്ചയയിലേതുമായി പൊരുത്തപ്പെടുന്നില്ല.
13. Residential Buildings - ന്റെ അരിയർ ഡിമാന്റ്, അരിയർ കളക്ഷൻ, കറന്റ് കളക്ഷൻ, എന്നിവ സഞ്ചയയിലേതുമായി പൊരുത്തപ്പെടുന്നില്ല.
14. Non Residential Buildings -ഇനത്തിൽ കിട്ടാനുള്ള തുക സഞ്ചയ പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.
15. Residential Buildings -ഇനത്തിൽ കിട്ടാനുള്ള തുക സഞ്ചയ പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.
16. ലഭിക്കാനുള്ള തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
17. അക്രൂവൽ അടിസ്ഥാനത്തിലേക്കുമാറുന്നതിന് മുമ്പ് ആർജ്ജിച്ച ആസ്തികൾ മൂല്യം നൽകി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
18. മുൻവർഷത്തെ AFS സർട്ടിഫിക്കറ്റിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.
19. Day book ദൈനം ദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
20. ഔട്ട് ഡോർ കളക്ഷൻ മുഖേന പിരിച്ചെടുക്കുന്ന വസ്തു നികുതി ഇനം തിരിച്ച് (Residential, Non Residential, Current, Arrear) ബന്ധപ്പെട്ട ഹെഡുകളിൽ വരവ് വെക്കുന്നില്ല.

# 1-12 കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നില്ല

30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത കുടിവെള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി ഗുണഭോക്താക്തൃ സമിതിക്ക് കൈമാറണമെന്ന് ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരം ആവശ്യപ്പെട്ടിട്ടും നാളിത് വരെ ആയത് ഗുണഭോക്താക്തൃ സമിതിക്ക് കൈമാറിയതായി കാണുന്നില്ല. 2018-19 - ൽ കുടിവെള്ള പദ്ധതിയുടെ മീറ്റർ റീഡർക്ക് 81,000 രൂപയും പമ്പ് ഓപ്പറേറ്റർക്ക് 2,22,000 രൂപയും ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ വെള്ളക്കരമിനത്തിൽ ആകെ 1,43,740 രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറാൻ സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും ആയത് പാലിക്കാത്തതിന് വിശദീകരണം നൽകാനുമാവശ്യപ്പെട്ട് 27-02-2020 – ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി താഴെ കൊടുക്കുന്നു.

"നാൽപ്പതിലധികം വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച എടവണ്ണ കുടിവെള്ള പദ്ധതി ഗുണഭോക്താക്തൃ സമിതിക്ക് കൈമാറാൻ പഞ്ചായത്ത് പല തവണ യോഗം വിളിച്ചിരുന്നുവെങ്കിലും സമിതി രൂപീകരിക്കുന്നതിന് ഗുണഭോക്താക്കൾ തയ്യാറായില്ല. ഇത്രയും പഴക്കമുള്ള പദ്ധതിയായതിനാൽ പമ്പിംഗ് മെയിനും ഡിസ്ട്രിബ്യൂഷൻ പൈപ്പുകളും കാലപ്പഴക്കം മൂലം ഇടക്കിടെ പൊട്ടുകയും മെയിന്റനൻസ് ആവശ്യം വരുകയും ചെയ്യുന്നത് ബോധ്യപ്പെട്ടതിനാലും ഗുണഭോക്താക്കളിൽ 90% - വും സമൂഹത്തിലെ ദുർബലരും സാമ്പത്തിക ശേഷിയില്ലാത്തവരുമായതിനാലും പദ്ധതി ഏറ്റെടുത്ത് നടത്തിയാൽ ഓരോ മാസവും വരാവുന്ന വലിയ സാമ്പത്തിക ബാധ്യത ഗുണഭോക്താക്കൾക്ക് താങ്ങാൻ കഴിയാത്തതിനാലാണ് കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് കൈമാറാത്തത് ."

മേൽ ഉത്തരവ് പ്രകാരം, സ്കീമുകളിൽ നിന്നും വെള്ളക്കരമിനത്തിൽ ലഭിക്കുന്ന തുക നടത്തിപ്പ് - മെയിന്റനൻസ് ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കാവുന്നതാണ്. ഇപ്രകാരം അധിക തുക വഹിക്കുന്നതിന് തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/ മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ആവശ്യമെങ്കിൽ വെള്ളക്കരത്തിന്റെ നിരക്കുകൾ നിലവിലുള്ള ചട്ട പ്രകാരം പരിഷ്കരിക്കാവുന്നതുമാണ്. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് നൽകിയ മറുപടി സ്വീകാര്യമല്ല. വളരെ നാമമാത്രമായ തുകയാണ് നിലവിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. മാത്രമല്ല, വെള്ളക്കരമിനത്തിൽ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിലില്ല. കുടിശ്ശിക വരുത്തിയ നിരവധി ഗുണഭോക്താക്കൾ നിലവിലുണ്ട്. അവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുകയാണെങ്കിൽ കാര്യക്ഷമമായി വെള്ളക്കരം പിരിക്കാനും സുഗമമായ നടത്തിപ്പിനും സാധിക്കുമെന്ന വസ്തുത ഉൾക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 വനിതാ വ്യായാമ പരിശീലന ശാല – പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വീട്ടമ്മമാർക്കും സ്ത്രീകൾക്കും സ്വതന്ത്രമായും സൗകര്യപ്രദവുമായ സമയം

തെരഞ്ഞെടുത്ത് ദിവസേന വ്യായാമം നടത്തി ശാരീരിക ക്ഷമത പാലിക്കാനും ആരോഗ്യം നിലനിർത്താനും സാധിക്കാൻ ഉപകരിക്കുമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വികസന ഫണ്ടിൽ നിന്ന് 4,00,000 രൂപ വകയിരുത്തി 2017-18 വർഷത്തിൽ വനിത വ്യായാമശാല എന്ന പ്രോജക്റ്റ് നടപ്പിലാക്കുകയുണ്ടായി. ഒരു നൂതന പദ്ധതി എന്ന നിലയിൽ വ്യായാമശാലയിലേക്ക് ഉപകരണങ്ങൾ വാങ്ങിക്കാനേ ഗ്രാമ പഞ്ചായത്തിന് 2017-18 വർഷത്തിൽ സാധിച്ചുള്ളൂ. പിന്നീട് കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 06-06-18 -ലെ SRG -858/18 നമ്പർ തീരുമാന പ്രകാരം 2018-19 -ൽ സ്പിൽഓവറായി പദ്ധതി നടപ്പിലാക്കാൻ അനുമതി ലഭിക്കുകയുണ്ടായി. 23-06-2018 -ൽ ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ.കെ.ടി ജലീൽ വനിതാവ്യായാമ പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1- പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടില്ല.

2- വ്യായാമ കേന്ദ്രത്തിലെത്തുന്ന വനിതകൾക്ക് പരിശീലനം നൽകുന്നതിനായി വനിതാ പരിശീലകയെ തെരഞ്ഞെടുക്കുന്നതിന്, 15-08-18 -നാണ് പത്രപരസ്യം നൽകുന്നത്. തുടർന്ന് 22-09-18 -ന് ഇന്റർവ്യൂ നടത്തുകയും ശ്രീമതി.ബിനു മോൾ എന്നയാളെ തെരഞ്ഞെടുക്കുകയും ചെയ്തു. 01-10-18 -ലെ 1(9) നമ്പർ തീരുമാന പ്രകാരമാണ് ടിയാരിയുടെ ഒരു വർഷത്തേക്കുള്ള താൽക്കാലിക നിയമനം ഭരണ സമിതി അംഗീകരിക്കുന്നത്. എന്നാൽ 23-06-18 മുതൽ ടിയാരി പരിശീലനം നൽകി തുടങ്ങിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല.

3- പദ്ധതി വെറ്റിംഗ് നടത്താതെയാണ് നിർവ്വഹണം ആരംഭിച്ചത്.

4- 23-06-18 മുതൽ 06-03-19 വരെ പരിശീലനം നൽകിയതിന് 13-03-19 -ലെ 27/18-19 നമ്പർ ബിൽ പ്രകാരം 96,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പരിശീലകയുടെ അറ്റൻഡൻസ്, പരിശീലനം നേടുന്ന സ്ത്രീകളുടെ വിശദാംശങ്ങൾ എന്നിവ ഫയലിലില്ല. പരിശീലനം നൽകിയ ദിവസങ്ങൾക്കാനുപാതികമായല്ല തുക നൽകിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 27-02-2020 - ന് നൽകിയ 4 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ ഉണ്ടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ പരിശീലകയുടെ അറ്റൻഡൻസ്, പരിശീലനം നേടിയവരുടെ വിവരങ്ങൾ, എന്നിവ ഹാജരാക്കിയിട്ടില്ല. മാത്രമല്ല, പരിശീലനം നൽകിയ ദിവസങ്ങൾക്കാനുപാതികമായല്ല തുക നൽകിയതെന്ന പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

ആയതിനാൽ മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 96,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-14 ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കണം

നിർവഹണ ഉദ്യാഗസ്ഥൻ-അസി.എഞ്ചിനീയർ

GO(MS) NO 318/2013/LSGD/28-9-13 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിനു മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ ടെണ്ടർ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മേൽ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർഫോറം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത 1,65,300 രൂപ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ജാഗ്രതാ സമിതി കാര്യക്ഷമമാക്കേണ്ടതാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ ജാഗ്രതാ സമിതിയുടെ രൂപീകരണത്തെക്കുറിച്ചും നടപ്പാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഇത് വളരെ പ്രസക്തമാണ്. ഗ്രാമ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ 25-6-16 ന ശേഷം യോഗം ചേർന്നതായി കാണുന്നില്ല. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപിച്ച് നടപ്പിലാക്കുന്നതിനും ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്ത്രീപദവി പഠനം നടത്തേണ്ടതും റിപ്പോർട്ട് തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും സഹായകമായ വിധത്തിൽ ജന്റർ ഡെസ്കും സ്ഥാപിക്കേണ്ടതാണ്. ജാഗ്രതാസമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വ്യാപകമായ അറിയിപ്പ് നൽകുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി യോഗ്യതയുള്ള ഒരു വനിതയെ കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. നിലവിൽ കുടുംബശ്രീയുടെ ഭാഗമായി ഒരു വനിതാ കൗൺസിലർ പാർട്ട്ടൈം ആയി സേവനമനുഷ്ഠിക്കുന്നുണ്ട്. കേസ്സുകൾ കാര്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കാർഷിക വിജ്ഞാന വ്യാപനം-അപാകതകൾ

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ/പേര് | 11/18-19-കാർഷിക വിജ്ഞാന വ്യാപനം<br>അടങ്കൽ- 3,00,000 തനത് ഫണ്ട് |
| ചെലവ് | 2,99,918<br>ചെക്ക് നമ്പർ-1683720/23-1-19-190362 രൂപ<br>ചെക്ക് നമ്പർ-11683715/29-10-18-109556 രൂപ |
| നിർവഹണ ഉദ്യാഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഉപകരണങ്ങളുടെ പേര് | എണ്ണം | ഇൻവോയ്സ് നമ്പർ/ തീയതി | വില | സ്ഥാപനം |
|---|---|---|---|---|---|
| 1 | ഇൻവർട്ടർ 3.5 KVA<br>ല്യൂമിനസ് വിത്ത് സ്റ്റാന്റ്<br>വാൾ മൗണ്ട് ഫാൻ വി ഗാർഡ് | 1<br>4<br>6 | 21/17-1-19 | 96,100 | സ്മാർട്ട് ചോയ്സ് കമ്പ്യൂട്ടേഴ്സ് ആന്റ് ഐടി സൊല്യൂഷൻസ്<br>മലപ്പുറം |
| 2 | ആംപ്ലിഫയർ അനുബന്ധ ഉപകരണങ്ങൾ | 22 | 22/17-1-19 | 94,262 | സ്മാർട്ട് ചോയ്സ് കമ്പ്യൂട്ടേഴ്സ് ആന്റ് ഐടി സൊല്യൂഷൻസ് |

| | | | | | |
|---|---|---|---|---|---|
| | | | | | മലപ്പുറം |
| 3 | പാർട്ടിക്കിൾ ബോർഡ് ടേബിൾ<br>എക്സിക്യൂട്ടിവ് ഹൈബാക്ക് റിവോൾവിംഗ് ചെയർ<br>സ്റ്റീൽ വിസിറ്റേഴ്സ് ചെയർ<br>ആംമ്ഡ് ഫൈബർ ചെയർ | 2<br>1<br>10<br>50 | MJRI/18-19/0089<br>28-9-18 | 1,09,556 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കൊച്ചി |
| | ആകെ | | | 2,99,918 | |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്റ്റോക്ക് വിവരം ഹാജരാക്കുകയുണ്ടായി. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ വർഷം രേഖപ്പെടുത്തി നമ്പറിട്ടു സൂക്ഷിക്കേണ്ടതാണ്.

# 1-17 കാർഷിക സഹായസംഘത്തിന് അടിസ്ഥാന സൗകര്യം.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ/പേര് | 48/18-19-എടവണ്ണ ഗ്രാമപഞ്ചായത്ത് കാർഷിക സഹായ സംഘത്തിന് അടിസ്ഥാന സൗകര്യം<br>അടങ്കൽ- 2,00,000 തനത് ഫണ്ട് |
| ചെലവ് | 1,64640<br>ചെക്ക് നമ്പർ-1683719/23-1-19 97800 രൂപ<br>ചെക്ക് നമ്പർ-1683719/23-1-19 64840 രൂപ |
| നിർവഹണ ഉദ്യാഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഉപകരണങ്ങളുടെ പേര് | എണ്ണം | ഇൻവോയ്സ് നമ്പർ/ തീയതി | വില | സ്ഥാപനം |
|---|---|---|---|---|---|
| 1 | പേഴ്സണൽ കമ്പ്യൂട്ടർ<br>ലെനോവോ<br>യു പി എസ് വി ഗാർഡ്<br>പ്രിന്റർ എപ്സൺ<br>പ്രിന്റർ ടി വി എസ് ഇ | 1<br>1<br>1<br>1<br>1 | 7/18-12-18 | 74,900 | സ്മാർട്ട് ചോയ്സ് കമ്പ്യൂട്ടേഴ്സ് ആന്റ് ഐടി സൊല്യൂഷൻസ് മലപ്പുറം |

| | | | | | |
|---|---|---|---|---|---|
| | കമ്പ്യൂട്ടർ ടേബിൾ<br>പിൻ സോക്കറ്റ് | 1 | | | |
| 2 | പ്രോജെക്ടർ കിറ്റ് അനുബന്ധ ഉപകരണങ്ങൾ | 19 | 22/17-1-19 | 22,900 | സ്മാർട്ട് ചോയ്സ് കമ്പ്യൂട്ടേഴ്സ് ആന്റ് ഐടി സൊല്യൂഷൻസ്<br>മലപ്പുറം |
| 3 | സ്റ്റീൽ സ്ലോട്ടഡ് ആൻകിൾ അയേൺ റാക്ക്<br>സ്റ്റീൽ ടേബിൾ വിത്ത് വൺ കബോർഡ് ആന്റ 3 ഡ്രോയർ<br>സ്റ്റീൽ വിസിറ്റേഴ്സ് ചെയർ<br>ആർമ്ഡ് ഫൈബർ ചെയർ | 1<br>1<br>2<br>2 | MJRI/18-19/0016<br>13-7-18 | 66,840 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ്<br>കോർപ്പറേഷൻ<br>കൊച്ചി |
| | ആകെ | | | 1,64,640 | |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 കർഷക സഹായ സംഘത്തിന്റെ ബൈലോ പരശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2 വാങ്ങിയ ഉപകരണങ്ങൾ വർഷം രേഖപ്പെടുത്തി നമ്പറിട്ടു സൂക്ഷിച്ചിട്ടില്ല.

3 ഉപകരണങ്ങൾ എല്ലാം ലഭ്യമായിട്ടുണ്ടെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4കമ്പൂട്ടർ, ഹാർഡ്വെയർ സംബന്ധിച്ച് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടില്ല.

6 GO(RT) 25/28/ITD/1-2-18 ഉത്തരവ് പ്രകാരം ഇലക്ട്രോണിക്സ് പർച്ചേസുകൾ CPRCS മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരമല്ല പദ്ധതിയുടെ നിർവഹണം നടത്തിയിട്ടുള്ളത്.

8 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് അപൂർണ്ണമാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-18 പച്ചക്കറി പ്രോത്സാഹനം- അപാകതകൾ

എടവണ്ണ ഗ്രാമ പഞ്ചായത്ത് 2018-19 വർഷത്തിൽ നടപ്പിലാക്കിയ പച്ചക്കറി പ്രോത്സാഹനം എന്ന പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ/പേര് | 7/18-19-പച്ചക്കറി പ്രോത്സാഹനം<br>അടങ്കൽ- 11,32,500 വികസനഫണ്ട് |

| | |
|---|---|
| | 67500 തനത് ഫണ്ട്<br>750000--ഗുണഭോക്തൃവിഹിതം |
| ചെലവ് | 1170489<br>ബിൽ നമ്പർ -7/18-19 തി.23-3-19 72940<br>ചെക്ക് നമ്പർ-1683716/21-11-18-37989 രൂപ<br>ബിൽ നമ്പർ -3/18-19 തി.15-11-18 195000<br>ബിൽ നമ്പർ -2/18-19 തി.27-9-18 200000<br>ബിൽ നമ്പർ -6/18-19 തി.30-1-19 664560 |
| നിർവഹണ ഉദ്യാഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രകാരം പച്ചക്കറി തൈകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില | സ്ഥാപനം |
|---|---|---|---|---|
| 1 | പയർ<br>വെണ്ട | 5494<br>5494 | 16482<br>16482 | എടവണ്ണ ഗ്രാമ പഞ്ചായത്ത് കാർഷിക സഹായ സംഘം<br>ബ്ലോക്ക് ലെവൽ പച്ചക്കറി നഴ്സറി |
| 2 | മുളക് തൈകൾ<br>തക്കാളി തൈകൾ<br>വഴുതന തൈകൾ<br>വെണ്ട തൈകൾ<br>പയർ തൈകൾ | 13335<br>13335<br>13335<br>13335<br>13335 | 40000<br>40000<br>40000<br>40000<br>40000 | എടവണ്ണ ഗ്രാമ പഞ്ചായത്ത് കാർഷിക സഹായ സംഘം<br>ബ്ലോക്ക് ലെവൽ പച്ചക്കറി നഴ്സറി |
| 3 | മുളക് തൈകൾ<br>തക്കാളി തൈകൾ<br>വഴുതന തൈകൾ<br>കാബേജ് തൈകൾ<br>കോളിഫ്ലവർ തൈകൾ | 13335<br>13335<br>13335<br>13335<br>13335 | 40000<br>40000<br>40000<br>40000<br>40000 | എടവണ്ണ ഗ്രാമ പഞ്ചായത്ത് കാർഷിക സഹായ സംഘം<br>ബ്ലോക്ക് ലെവൽ പച്ചക്കറി നഴ്സറി<br>(1,95,000 രൂപയാണ് ചെലവഴിച്ചത്) |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പച്ചക്കറി തൈകൾ കുടുബശ്രീ മുഖേനയും അല്ലാതെയും വിതരണം ചെയ്തിട്ടുണ്ട്. (2329890 രൂപ) ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2 പ്രോജെക്റ്റിന്റെ നിർവഹണത്തിനായി ഗുണഭോക്തൃവിഹിതം 7,50,000 രൂപ വകയിരുത്തിയിരുന്നെങ്കിലും വിനിയോഗിച്ചിട്ടില്ല.

3 എടവണ്ണ ഗ്രാമ പഞ്ചായത്ത് കാർഷിക സഹായ സംഘവുമായി തൈകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ കരാർ ചമച്ചിട്ടില്ല.

4 ക്രമനമ്പർ 1 പ്രകാരം വാങ്ങിയ പയർ വെണ്ട തൈകൾ എന്നിവ കുടുബശ്രീ മുഖേനയാണ് വിതരണം ചെയ്തിട്ടുള്ളത്. തൈകൾ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയില്ല. പയർ, വെണ്ട തൈകൾ വാങ്ങിയതിന്റെ ചെലവ് 32964 രൂപ (ഇൻവോയ്സ് നമ്പർ 17/14-11-18) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ബാക്കിയുള്ള 5025 രൂപ (37989-32964) കൃഷി ഓഫീസറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. തനത് ഫണ്ടിൽ നിന്നുള്ള ചെലവ് ചെലവ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

5 ക്രമനമ്പർ 3 പ്രകാരം കുടുബശ്രീ മുഖേന പച്ചക്കറി തൈകൾ വിതരണം ചെയ്തത് - തക്കാളി, പച്ചമുളക് കാബേജ്, കോളിഫ്ലവർ, വഴുതന എന്നിവ കൈപ്പറ്റിയതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയത് (ഇൻവോയ്സ് നമ്പർ 18/1-11-18) അപൂർണ്ണമാണ്. ഏതൊക്കെ തൈകളാണ് വിതരണം ചെയ്തത് എന്നും തൈകളുടെ കൃത്യമായ വിതരണ വിവരവും സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമല്ല. കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ ക്രമ നമ്പർ 3 പ്രകാരം വികസന ഫണ്ടിൽ നിന്നും നിന്നും ചെലവ് ചെയ്ത 195000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ബിൽ നമ്പർ 3/15-11-18)

6 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ഒപ്പ് വച്ചിരിക്കുന്ന കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമല്ല. കൂടാതെ തിയതി രേഖപ്പെടുത്തിയല്ല സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല.

ആയതിനാൽ ക്രമ നമ്പർ 1 പ്രകാരമുള്ള 32964 രൂപയും ക്രമനമ്പർ 3 പ്രകാരമുള്ള 1,95,000 രൂപയും ഉൾപ്പടെ 2,27,964 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പച്ചക്കറി തൈകൾ വിതരണം ചെയ്തതിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രോജെക്ടുകളുടെ നിർവഹണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വ്യക്തമായ മേൽനോട്ടം ഉണ്ടാകുകയും വേണം. ഇത് സംബന്ധിച്ച് 15/29-2-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ ഓഡിറ്റിൽ എൻക്വയറിയിൽ ആവശ്യപ്പെട്ട കാര്യങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

# 1-19 പൊതു മരാമത്ത് പ്രവൃത്തികൾ അവലോകനം

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 241 പദ്ധതികൾ തയ്യാറാക്കിയതിൽ 141 പദ്ധതികളാണ് നടപ്പിലാക്കിയത്. വിഭാവനം ചെയ്ത പദ്ധതികളിൽ 59 ശതമാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 53 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ആയതിൽ 8 പദ്ധതികൾ ഈ വർഷം നടപ്പിലാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| ആകെ പദ്ധതികൾ | 241 | ആകെ അടങ്കൽ | 59127510 |
| നടപ്പിലാക്കിയത് | 141 | ചെലവ് | 30920959 |
| ശതമാനം | 59 | ശതമാനം | 52 |

<u>1 സ്റ്റാന്റിംഗ് കമ്മിറ്റി /വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം</u>

2018-19 വർഷത്തെ പദ്ധതി രൂപീകരണവും നിർവഹണവുമായി ബന്ധപ്പെട്ട് വികസന സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നത് 15 തവണയാണ്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ പ്രോജെക്ട് രൂപീകരണവുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ

എന്നിവയൊന്നും ചർച്ച ചെയ്യുന്നതായി കാണുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 3 യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതിൽ കവിഞ്ഞ് പദ്ധതി നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പ് ഫലപ്രദമായി ഇടപെടുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റിക്കു കീഴിൽ പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനത്തെ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല.

2 റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും ഏതൊരു റോഡ് നിർമ്മാണ പ്രോജെക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജെക്ടിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാക്രമത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ തൻവർഷത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികളിൽ ഏറ്റവും അനിവാര്യമായ പ്രോജെക്ടുകളാണോ നടപ്പിലാക്കിയത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാക്രമത്തിൽ പ്രോജെക്ട് തയ്യാറാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

3 റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവഹിക്കുന്നു

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രമെ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും നിസാര കാരണങ്ങൾ പറഞ്ഞും കോൺക്രീറ്റിംഗ് വ്യാപകമായി നടത്തിവരുന്നുണ്ട്. കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ എസ്റ്റിമേറ്റിൽ വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. കോൺക്രീറ്റിംഗ് ആവശ്യമായ സ്ഥലങ്ങളിൽ മാത്രം പരിമിതപ്പെടുത്തേണ്ടതാണ്.

4 പ്രവൃത്തികളുടെ ബാഹുല്യം നിർവഹണത്തിൽ തടസ്സം സൃഷ്ടിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസിയർമാരുമാണുള്ളത്. തൻവർഷം സ്പിൽ ഓവർ ഉൾപ്പടെ 241 പ്രവത്തികളിൽ 141 പ്രവത്തികൾ നിർവഹണം നടത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ബാഹുല്യം നിർവഹണത്തിൽ തടസ്സം ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്തിനെ മൊത്തം ഒരു യൂനിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഫണ്ടുകൾ വാർഡുകൾ തോറും വീതം വയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

5 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല.

തൻവർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ 53 സ്പിൽ ഓവർ പ്രവൃത്തികളിൽ 8 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽ ഓവറായി നടപ്പിലാക്കുന്ന പ്രവൃത്തികൾ സ്പിൽ ഓവറായ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന് ജി.ഒ(എം.എസ്) 72/2017/തസ്വഭവ തി. 29-3-17 നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

6 എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം ലഭ്യമാക്കിയില്ല.

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ അപ്രകാരം വാഹന സൗകര്യം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനം പലപ്പോഴും ലഭ്യമല്ലാത്തതിനാൽ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നതിനും അളവു

രേഖപ്പെടുത്തുന്നതിനും തടസ്സം ഉണ്ടാകുന്നുണ്ട്. ആയതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹന സൗകര്യം ഏർപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

7 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1 കാഷ്ബുക്കിൽ ഡെയ്‌ലി ക്ലോസ്സിംഗ് രേഖപ്പെടുത്തുകയും വാർഷിക സംഗ്രഹം തയ്യാറാക്കുകയും ചെയ്തിട്ടില്ല.

2 വെൽഫയർ ഫണ്ട് രജിസ്റ്റർ, റോഡ് രജിസ്റ്റർ, ഇ എംഡി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

3 പ്രവൃത്തി പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4 2018-19 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 19-1-17 ലെ ഇ7/11350/15/CE/തസ്വഭവ സർക്കുലറിൽ നിർദ്ദേശിച്ച എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്.

8 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യനിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി നിർമാമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

സെക്രട്ടറിയുടെ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വൗച്ചറുകളുടെ കൂടെ അനുബന്ധരേഖകൾ സൂക്ഷിച്ചതായി കണ്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ / ബിൽ നമ്പർ / തീയതി | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 21800027/ 06-04-18 | 24,000 | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈറ്റ് ഫിറ്റ് ചെയ്ത വകയിൽ ശ്രീ.ഫൈസൽ എന്നയാൾക്ക് നൽകിയത് (189/18) | ഏതെല്ലാം വാർഡുകളിൽ ഏത് പോസ്റ്റുകളിലാണ് സ്ഥാപിച്ചതെന്ന് രേഖപ്പെടുത്തിയ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമില്ല |
| 2 | 21800142/ 24-05-18 | 2,000 | കേരള റൂറൽ എംപ്ളോയ്മെന്റ് & വെൽഫെയർ | തുകയുടെ കൈപ്പറ്റില്ല. |

| | | | | |
|---|---|---|---|---|
| | | | സൊസൈറ്റിക്ക് നൽകിയ വരിസംഖ്യ | |
| 3 | 21800151/ 30-05-18 21800175/ 04-06-18 | 1,20,164 2,20,000 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് സാനിറ്റേഷൻ കൺവീനർമാർക്ക് അനുവദിച്ച തുക | പ്രവൃത്തി പൂർത്തീകരണ/ തുക വിനിയോഗ വിവരമില്ല |
| 4 | 21800254/ 05-07-18 | 71,000 | പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് കണ്ടിജന്റ് ചെലവുകൾക്കായി മുൻകൂർ നൽകിയത് | മുൻകൂർ ക്രമീകരിച്ച വിവരം ഇല്ല |
| 5 | 21800325/ 09-08-18 | 10,000 | കർഷക ദിനാചരണത്തിനായി കൃഷി ഓഫീസർക്ക് നൽകിയത് | തുക വിനിയോഗ വിവരമില്ല |
| 6 | 16/18-19/ 11-01-19 | 20,29,482 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | പ്രവൃത്തി പൂർത്തീകരണ/ തുക വിനിയോഗ വിവരമില്ല |
| | 21800966/ 20-03-19 | 6,000 | ശ്രീ.സുകു.കെ, ജൂനിയർ സൂപ്രണ്ടിന്റെ ഓണം അഡ്വാൻസ് റിക്കവറിയിനത്തിൽ 12/18, 1/19 എന്നീ മാസങ്ങളിലേക്കായി പിടിച്ച തുക, സീതത്തോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയത് | സീതത്തോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല |
| ആകെ | | 24,82,646 | | |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് 27-02-2020 – ന് നൽകിയ 8 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 24,82,646 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 മഞ്ചേരിക്കാട് VCB – സ്വകാര്യ വ്യക്തിയുടെ കയ്യേറ്റത്തിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല

എടവണ്ണ ഗ്രാമ പഞ്ചായത്തിലെ 16 -ാം വാർഡിൽ മഞ്ചേരിക്കാട് എന്ന സ്ഥലത്ത് വലിയ തോടിന് കുറുകെ നിർമ്മിച്ച VCB – യുടെ തൂണുകൾ നീളം കൂട്ടി അനധികൃതമായി സ്ലാബ് നിർമ്മിച്ച് സുരക്ഷ ഉറപ്പ് വരുത്താതെ വലിയ വാഹനങ്ങൾ കൊണ്ട് പോവുകയും കൂടാതെ VCB -യുടെ സൈഡ് ഭിത്തി തുരന്ന് ഉപയോഗശൂന്യമായ വെള്ളം തോട്ടിലേക്ക് ഒഴുക്കി വിടുന്നു എന്ന ശ്രീ.നൗഷാദ് പത്തപ്പിരിയം എന്നയാളുടെ പരാതി പ്രകാരം അസി.എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ, മഞ്ചേരി എന്നവർ സ്ഥലം പരിശോധിക്കുകയും പരാതിയിൽ പറയുന്നത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾ നടത്തിയ എരഞ്ഞിക്കൽ ക്രഷർ എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ.ജമാൽ മുഹമ്മദ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിയില്ലാതെ അനധികൃതമായി ഉണ്ടാക്കിയ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും കൂടാതെ VCB – യുടെ സൈഡ് ഭിത്തി തുരന്ന് ബലക്ഷയം സംഭവിച്ചത് പൂർവ്വ സ്ഥിതിയിൽ പുനഃസ്ഥാപിക്കുന്നതിനും ജലചൂഷണം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും ചെറുകിട ജലസേചന ഉപവിഭാഗം അസി.എഞ്ചിനീയറുടെ 02-04-14 -ലെ ഡി-2/8111/13 നമ്പർ കത്തിൽ എടവണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് സെക്രട്ടറിയുടെ 10-06-14 -ലെ എ-3/2506/14 നമ്പർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജമാൽ മുഹമ്മദ് ആയതിന് വേണ്ട ചെലവുകൾ വഹിക്കാമെന്ന് സമ്മതിക്കുകയുണ്ടായി. VCB പൂർവ്വ സ്ഥിതിയിലാക്കുന്നതിന് 11-12-14 -ന് അസിഎഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള VCB പൊളിക്കാൻ 5 ലക്ഷം രൂപയും പുനർ നിർമ്മിക്കാൻ 38,00,000 രൂപയും ചെലവ് വരുമെന്ന് അറിയിച്ചിരുന്നു. 2018-19 -ലെ വിവരാവകാശ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ഉന്നയിച്ചതായി കാണുന്നു.

മഞ്ചേരിക്കാട് VCB – യുടെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് 27-02-2020 – ന് നൽകിയ 6 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം 02-03-2020 – ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചെങ്കിലും ഭരണസമിതിയും വിശദീകരണം നൽകുകയുണ്ടായില്ല. മേൽ കയ്യേറ്റത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകിയത്- ചെലവ് രേഖകൾ അപൂർണ്ണം

പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിനായി സെക്രട്ടറിയുടെ 15-09-18 -ലെ 21800403 നമ്പർ വൗച്ചർ പ്രകാരം 2,40,000 രൂപ പിൻവലിച്ച് 8 ഗുണഭോക്താക്കൾക്കായി 30,000 രൂപ വീതം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായത്തിന് അർഹരാണെന്ന് കാണിക്കുന്നതിനാവശ്യമായ മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | മകളുടെ പേര് | ഹാജരാക്കേണ്ട രേഖ |
|---|---|---|
| ശ്രീമതി.ശാന്തകുമാരി, വാളക്കോടൻ | ഷിനി | വിവാഹ സർട്ടിഫിക്കറ്റ്, വിധവയാണെന്നതിന്റെ രേഖ |
| ശ്രീമതി.രാജശ്രീ | ആശ്രിത | വരുമാന സർട്ടിഫിക്കറ്റ് |
| സാഹിറബാനു | ദിൽഹിബ | വിവാഹ സർട്ടിഫിക്കറ്റ് |
| ശ്രീമതി.സലീന | ഷഹന ഷെറിൻ | വിവാഹ സർട്ടിഫിക്കറ്റ് |

മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് 27-02-2020 -ന് നൽകിയ 7 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 30,000 രൂപ വീതം 4 ഗുണഭോക്താക്കൾക്കായി നൽകിയ 1,20,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-23 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്രക്കായി യാത്രാബത്ത അനുവദിച്ചത് - യാത്ര പോയതിന്റെ രേഖകളില്ല

14-02-18 -ലെ സ.ഉ(എം.എസ്)22/8/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും വിധം സ്കോളർഷിപ്പ്/ബത്ത നൽകാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ്/ ബത്ത |
|---|---|---|
| 1 | സ്കോളർഷിപ്പ്(പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക് /വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 |
| 5 | ഉല്ലാസ യാത്രാ ചെലവുകൾ, പഠന പര്യടനം മുതലായവക്ക് - (രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ) | 1000 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 69/19, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റിലുൾപ്പെട്ട മാനസിക വെല്ലുവിളികൾ നേരിടുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് പരമാവധി അനുവദിക്കാവുന്ന തുക 28500/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ഉല്ലാസയാത്ര നടത്തിയെന്ന് കാണിക്കുന്ന യാതൊരു രേഖയും ഹാജരാക്കാതെയാണ് ഇവർക്ക് ഉല്ലാസയാത്രാചെലവുകൾക്കുള്ള 1000 രൂപ വീതം നൽകിയതെന്ന് കാണുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നമ്പർ/ തീയതി | കൈപ്പറ്റിയ തുക | അനുവദിക്കാവുന്ന തുക | അധികം കൈപ്പറ്റിയത് |
|---|---|---|---|---|---|
| 1 | അയന | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 2 | മുഹമ്മദ് റിഷിൽ | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 3 | ഷാമിൽ.കെ | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 4 | സഹൻഷാദ് | 3044539/25-1-19 | 20000 | 27500 | 1000 |

| | | | | | |
|---|---|---|---|---|---|
| | | 5347590/28-03-19 | 8500 | | |
| 5 | ജിതിൻ.പി.വി | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 6 | അൻഷിദ്.പികെ | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 7 | അംജിദ്.കെ.പി | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 8 | സഫ് ല ഷെറിൻ | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 9 | ഷാമിൽ.സി.പി | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 10 | മഷൂദ്.ടി.ടി | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 11 | അനന്ദു | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 12 | ബിബിൻ.ടി | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 13 | നിയാസ്ബാബു | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 14 | മുഹമ്മദ് ഷഹൽ | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 15 | മുഹമ്മദ് റയാൻ | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |

| | | | | | |
|---|---|---|---|---|---|
| 16 | ഫൈസല.വി | 3044539/25-1-19<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 17 | നിബ പർവിൻ | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 18 | മുഹമ്മദ് നാജിദ് | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 19 | അഭിഷേക് | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 20 | അമീൻ.പി.എം | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 21 | സൽമാൻ ഫാരിസ് | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 22 | ഹാഷിം ലുലു | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 23 | ജിൻഷാദ് | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 24 | അതിയബാനു | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 25 | ഖുർഷിദ | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 26 | ഐഫ.കെ.എം | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 27 | ബജീഷ.പി.പി | 2/27-12-18 | 20000<br>8500 | 27500 | 1000 |

| | | | | | |
|---|---|---|---|---|---|
| | | 5347590/28-03-19 | | | |
| 28 | ആതിക്ക | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 29 | നാജിയ മിന്ന | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 30 | ഐമൻ | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 31 | സീനത്ത്.പി.കെ | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 32 | ഫാത്തിമ റുമ.കെ | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 33 | ഷഹൻഷ | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 34 | മുഹമ്മദ് സിനാൻ | 2/27-12-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 35 | മുഹമ്മദ് ഷാനിൽ.യു | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 36 | സബ്രീന | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 37 | മുബഷിർ.പി | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 38 | സബിത | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 39 | മുജ്തബ വസീം | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 40 | അബ്ദു റസാക്ക് ചുങ്കത്ത് | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 41 | മുഹമ്മദ് ഷഹൻ | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 42 | ഫാത്തിമ ഹിബ | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 43 | നൂറുന്നീസ മേക്കത്ത് | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 44 | റമീസ് | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 45 | അനന്ദ് രാജ് | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 46 | ഷരീഫ്.പികെ | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 47 | റിയാസ്.എം | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 48 | ജസ്ന.സി.പി | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 49 | സറഫുന്നീസ.കെ | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 50 | അനീസ്.പി | 1/18-19/30-11-18 | 20000<br>8500 | 27500 | 1000 |

| | | | | | |
|---|---|---|---|---|---|
| | | 5347590/28-03-19 | | | |
| 51 | ജാഫർ | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 52 | വിനോദ്.കെ | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 53 | അബ്ദുൽ ലത്തീഫ് | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 54 | ജന്നത്ത്.പി | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 55 | ഹഫ്സത്ത് | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 56 | അൻഷിദ കല്ലട | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 57 | സബ്ന | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| 58 | പാക്കത്ത് ഹർഷദ് | 1/18-19/30-11-18<br>5347590/28-03-19 | 20000<br>8500 | 27500 | 1000 |
| | | | | ആകെ അധികം | 58,000 |

ഉല്ലാസയാത്ര നടത്താതെ യാത്രാബത്ത നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 20-02-2020 -ന് നൽകിയ 1 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ കൂടുതലും പഠിക്കുന്നത് ലൗ ഷോർ സ്പെഷൽ സ്കൂൾ, ഒതായി എന്ന സ്ഥാപനത്തിലാണെന്നും സ്കോളർഷിപ്പ് ഇനത്തിലെ ഈ തുക ഉപയോഗിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്നും വർഷം തോറും വിനോദയാത്ര കൊണ്ട് പോവാറുള്ളതായി സ്കൂൾ പ്രിൻസിപ്പൽ രേഖാമൂലം മൂലം അറിയിച്ചിട്ടുണ്ടെന്നും മറ്റു സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ കുടുംബത്തോടൊപ്പം പോയിട്ടുള്ളതായി രക്ഷിതാക്കൾ സാക്ഷ്യപത്രം എഴുതി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

ആയതിനാൽ രേഖകളുടെ അഭാവത്തിൽ മേൽ തുക 58,000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-24 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- അപാകതകൾ

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ ചെക്ക്നമ്പർ/ തീയതി |
|---|---|---|---|
| 69/19<br>ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 16,25,400 (വികസന ഫണ്ട്)<br>7,24,600 (തനത് ഫണ്ട്)<br>5,00,000 (ബ്ലോക്ക് വിഹിതം)<br>5,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം) | 9,41,000<br>4,09,000<br>93,300<br>1,21,400<br>3,49,300<br>-<br>4,97,700 | 1/18-19/30-11-18<br>2/18-19/27-12-18<br>3/18-19/13-03-19<br>3044598/28-03-19<br>3044539/25-01-19<br>-<br>5347590/28-03-19 |
| ആകെ | | 24,11,700 | |

പ്രോജക്റ്റുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 20-02-2020 -ന് 2 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.

1-ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമസഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

2- 14-02-2018 -ലെ സ.ഉ(എം.എസ്) നം.22/18/ത.സ്വ.ഭ.വ പ്രകാരം ധനസഹായ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അതാത് മാസം തന്നെ നൽകണം. എന്നാൽ പല ഗുണഭോക്താക്കൾക്കും സ്വന്തമായി ബാങ്ക് അക്കൗണ്ട് ഇല്ല.

3-അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

ആയതിന് ലഭ്യമാക്കിയ മറുപടിയുടെ കൂടെ ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പേന കൊണ്ട് പുതിയ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുമുണ്ട്. ഭിന്നശേഷി കുട്ടികളായതിനാൽ ബാങ്ക് സ്വന്തമായി അവർക്ക് അക്കൗണ്ട് അനുവദിച്ച് നൽകാറില്ലെന്നും കുട്ടികളുടേയും രക്ഷിതാക്കളുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് എടുത്ത്, പ്രസ്തുത അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളതെന്നുമുള്ള മറുപടി ശരിയല്ല. പല കുട്ടികളുടേയും രക്ഷിതാക്കളുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് തുക നൽകിയതായി കാണുന്നത്. അത് പോലെ മേൽ പട്ടികയിലെ തനത് ഫണ്ട്,

ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 14,43,300 രൂപയുടെ ക്രെഡിറ്റ് വിവരം പരിശോധനക്ക് ഹാജരാക്കുകയുണ്ടായി. ആയതിനാൽ ഇനിയും ക്രെഡിറ്റ് വിവരം ലഭ്യമാക്കാത്ത 9,68,400 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-25 തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1-പ്രോജക്റ്റ് നമ്പർ- 55/19 ചന്നിപ്പാറ, പള്ളിമുക്ക് ആര്യംതൊടിക പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

ഈ പ്രോജക്റ്റിനായി യുനൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവുമായി 19-02-19 -ന് കരാറുടമ്പടി വെക്കുകയും താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം LED വിളക്കുകൾ ലഭ്യമാക്കുകയുമുണ്ടായി. ഈയിനത്തിൽ സെക്രട്ടറിയുടെ 13-03-19 -ലെ 29/18-19 നമ്പർ ബിൽ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2,47,100 രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/ തീയതി | ഇനം | എണ്ണം | തുക |
|---|---|---|---|
| 627/19-02-19 | 24/25 W LED Bulb | 70 | 2,33,100 |
| | LED Junction box | 70 | 13,999.89 |
| ആകെ | | | 2,47,100 |

2- പ്രോജക്റ്റ് നമ്പർ 411/19 ചെമ്പക്കുത്ത് - പത്തിരിയാൽ റോഡിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ

ഈ പ്രോജക്റ്റിന്റെയും നിർവ്വഹണ ഏജൻസി യുനൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ്. സെക്രട്ടറിയുടെ 13-03-19 -ലെ 28/18-19 നമ്പർ ബിൽ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നിന്നും 88,250 രൂപ, താഴെ പറയുന്ന സാധന സാമഗ്രികൾ സപ്ലൈ ചെയ്തതിന് മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/ തീയതി | ഇനം | എണ്ണം | തുക |
|---|---|---|---|
| 629/19-02-19 | 24/25 W LED Bulb | 25 | 83,249.88 |
| | LED Junction box | 25 | 4,999.96 |
| | | ആകെ | 88,250 |

മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1- വാങ്ങിയ സാധനങ്ങൾ മുഴുവൻ സ്റ്റോക്കിലെടുത്ത് ഇഷ്യൂ കാണിച്ചിട്ടില്ല.

2- തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരമില്ല.

3- കരാറുടമ്പടിയിൽ തെരുവ് വിളക്ക് സ്ഥാപിക്കാൻ KSEB -യിൽ നിന്നും അനുമതി വാങ്ങേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണെന്ന് കാണിച്ചിട്ടുണ്ടെങ്കിലും അപ്രകാരം അനുമതി തേടിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 27-02-2020 -ന് നൽകിയ 9 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ KSEB -യിൽ നിന്നും മറ്റും ആവശ്യമായ അനുമതി തേടിക്കൊണ്ടും മതിയായ ഫീസുകൾ അടവാക്കിക്കൊണ്ടും തന്നെയാണ് പുതിയ വിളക്കുകൾ സ്ഥാപിച്ചതെന്നും രജിസ്റ്റർ കാലികമാക്കി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് പരിശോധനക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുക 3,35,350 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-26 കുറഞ്ഞ ടെണ്ടർ നിരക്ക് കാണിച്ച ഫർണ്ണിച്ചർ വാങ്ങാത്തതിനാൽ അധികച്ചെലവുണ്ടായി.

പ്രൊജക്ട് നം. 434/19 : SC വിദ്യാർത്ഥിനികൾക്ക് മേശയും കസേരയും

ഈ പദ്ധതി പ്രകാരം 224 വിദ്യാർത്ഥിനികൾക്ക് താഴെ കാണിച്ച പ്രകാരം മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം | തുക | ഫർണ്ണിച്ചർ | എണ്ണം | ഇൻവോയ്സ് നം |
|---|---|---|---|---|---|
| 1 | 13/13-3-19 | 54,000 | Steel Table | 20 | 408/27-2-19 |
| 2 | 14/13-3-19 | 54,000 | Steel Table | 20 | 407/27-2-19 |
| 3 | 15/13-3-19 | 56,000 | Steel Chair Armed | 40 | 409/27-2-19 |
| 4 | 19/15-3-19 | 75,600 | Steel Chair Armed | 54 | 446/6-3-19 |
| 5 | 20/15-3-19 | 81,000 | Steel Table | 30 | 447/6-3-19 |
| 6 | 21/15-3-19 | 64,800 | Steel Table | 24 | 446/6-3-19 |
| 7 | 22/21-3-19 | 81,000 | Steel Table | 30 | 500/15-3-19 |
| 8 | 23/21-3-19 | 54,000 | Steel Table | 20 | 501/15-3-19 |
| 9 | 24/21-3-19 | 70,000 | Steel Chair Armed | 50 | 502/15-3-19 |
| 10 | 27/28-3-19 | 98,400 | Steel Table | 24 | 669/26-3-19 |
| | | | Steel Chair Armed | 24 | |
| 11 | 28/28-3-19 | 87,200 | Steel Table | 24 | 670/26-3-19 |
| | | | Steel Chair Armed | 16 | |
| 12 | 29/28-3-19 | 56,000 | Steel Chair Armed | 40 | 671/26-3-19 |
| 13 | 30/28-3-19 | 86,400 | Steel Table | 32 | 672/26-3-19 |
| | TOTAL | 9,18,400 | | 224 x2 | |

ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഫയലിൽ കാണുന്ന കുറിപ്പ് പ്രകാരം, 29/12/2018 ന് തുറന്ന ടെണ്ടറിൽ ആകെ പങ്കെടുത്ത 7 പേരിൽ L5 ആയ ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നാണ് മേശയും കസേരയും വാങ്ങിയിട്ടുള്ളത്. ഏറ്റവും കുറവു തുകയായി (L1) 2695 ഉം L5 ആയി 4184 ഉം രേഖപ്പെടുത്തിയിട്ടുണ്ട്. Negotiation ലൂടെ L5 4100

ആയി നിശ്ചയിച്ചിട്ടുണ്ട്. Procurement register പേജ് നം.11-13 പ്രകാരം 1-2-2019 ലെ തീരുമാനം നം.2 പ്രകാരം, സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിൽ ഹാജരാക്കിയ 2 സ്ഥാപനങ്ങളിൽ ഗുണമേൻമയുള്ളതായി ബോധ്യപ്പെട്ട സ്ഥാപനമാണ് ഫിഡ്കോ എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ ഇപ്രകാരം സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ട യാതൊരു രേഖയും ഫയലിൽ ഇല്ലായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങൾക്ക് 16-1-2019 ന് ഇ-മെയിൽ അയച്ച രേഖകൾ ലഭ്യമാക്കി. ടെണ്ടർ നിബന്ധനയിൽ സാമ്പിൾ ഹാജരാക്കേണ്ട കാര്യം പറയുന്നില്ല. വിജയിയായ സ്ഥാപനത്തിന് 4.02.2019ലെ എ1/329/18 പ്രകാരം അയച്ച കത്തിലും സാമ്പിൾ പരിശോധിച്ച വിവരം ചേർത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുക്കുകയും പ്രാഥമിക കരാർ വെക്കുകയും ചെയ്ത സ്ഥാപനങ്ങൾക്ക് ടെണ്ടറിൽ പറയാത്ത നിബന്ധന ചേർത്ത്, കൂടിയ വിലക്ക് ഫർണ്ണിച്ചർ വാങ്ങി നൽകിയതിലൂടെ, താഴെ പറയും പ്രകാരം പാഴ്ച്ചെലവുണ്ടായതായി കാണുന്നു.

| |
|---|
| ആകെ വാങ്ങിയ മേശയും കസേരയും. 224 വീതം |
| നൽകിയ വില = 224x 1400= 9,18,400 |
| L1 പ്രകാരമുള്ള നിരക്കിൽ വരുന്ന തുക = 224x2695= 6,03,680 |
| അധികച്ചെലവ് = 3,14,720 |

<u>മറ്റ് അപാകതകൾ</u>

2) പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷ ഫയലിൽ ഇല്ല.

3) ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

4) സ്കൂൾ അധികൃതർ മുഖേനയുള്ള വിതരണ വിവരവും ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ <u>ഓഡിറ്റ് എൻക്വയറി നമ്പർ 20/2-3-2020</u> ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരിച്ചടക്കുകയോ നടപടിയുടെ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

# 1-27 ഹോമിയോ ആശുപത്രി പ്രളയത്തിലകപ്പെട്ടു- രജിസ്റ്ററുകൾ നൽകിയില്ല

ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടക സ്ഥാപനമായ ഹോമിയോ ഡിസ്പെൻസറി 8/2019 ലെ പ്രളയത്തിലകപ്പെടുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ 2018-19 പദ്ധതി പ്രകാരം "പ്രൊജക്റ്റ് നം. 4/19 : ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ" എന്നതിലൂടെ വാങ്ങിയ 2,49,500 രൂപയുടെ മരുന്നുകൾ ഉൾപ്പെടെ സ്റ്റോക്ക് രജിസ്റ്റർ, മറ്റു രജിസ്റ്ററുകൾ, ഫർണിച്ചർ തുടങ്ങിയവയും നഷ്ടപ്പെട്ടതായി AG, Treasury Officer, DMO (Homoeo), Director of Homoeopathy, ഗ്രാമ പഞ്ചായത്ത്, സ്റ്റേറ്റ് ഓഡിറ്റ് എന്നിവരെ 9-8-19 ലെയും 17-8-19 ലെയും 103/2019/GHDE നമ്പർ കത്തുകളിലൂടെ അറിയിച്ചതായി ഫയലിൽ ഉണ്ട്.

പ്രളയം മൂലം നഷ്ടപ്പെട്ടതിനാൽ, താഴെപ്പറയുന്ന പുതിയ രജിസ്റ്ററുകൾ ലഭ്യമാക്കാൻ No. 151/2018/GHDE/ 10-11-18 പ്രകാരം DMO-യോടും No. 148/2019/GHDE/18-12-19 പ്രകാരം പഞ്ചായത്തിനോടും ആവശ്യപ്പെട്ടെങ്കിലും, താഴെപ്പറയുന്നവയിൽ Pay bill Register, Casual Leave Register എന്നിവ മാത്രമാണ്

പഞ്ചായത്ത് നൽകിയതെന്ന് കാണുന്നു. ( Rt No. 10921/18-12-19/ പ്രകാരം പഞ്ചായത്ത് Section A3 കത്ത് കൈപ്പറ്റിയിട്ടുണ്ട്.)

1. Pay Bill Register

2. Cash Book

3. Personal Register

4. General stock Register

5. Despatch cum Stamp Register

ഓഡിറ്റ് സമയത്ത് (22-2-2020ന്) ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ, (പേജ് 84- 87) താഴെപ്പറയുന്ന അളവിൽ ടി സാധനങ്ങൾ ബാക്കിയുള്ളതായി കണ്ടു.

1. Cash book- 2

2. Stock Register-1

3. Despatch cum stamp register-1

ഇതിനും പുറമേ, ടി രജിസ്റ്ററുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ലഭ്യവുമാണെന്നിരിക്കേ, ഘടക സ്ഥാപനത്തോട് സഹകരിക്കാതിരുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അപാകതയായി കാണുന്നു.

ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്ന ടി സ്റ്റോക്ക് രജിസ്റ്ററിൽ, ഓരോ സാധനത്തിന്റെ വിവരവും ഓരോ പേജിൽ രേഖപ്പെടുത്തുന്നതിനു പകരം, ഒരു തിയ്യതിയിൽ വാങ്ങിയ എല്ലാ ഇനങ്ങളും ഒരേ പേജിൽ തുടരെത്തുടരെ രേഖപ്പെടുത്തിയ അപാകതയും കാണുന്നു.

പുറമെ, ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്ന ടെണ്ടർ രജിസ്റ്റർ, അച്ചടിച്ച നിശ്ചിത രജിസ്റ്ററിനു പകരം, Work Register എന്ന അച്ചടിച്ച രജിസ്റ്ററാണെന്ന അപാകതയും കാണുന്നു.

അപാകതകൾ പരിഹരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/2-3-2020 )

## 1-28 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ

എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 803 അപേക്ഷകരിൽ നിന്നായി 2,92,900/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, അപേക്ഷകളിൽ വിറ്റുവരവാണ് രേഖപ്പെടുത്തിയിട്ടുള്ളത്, അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം11/27.02.2020 നു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 കവറേജ് അധികരിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകി.

കേരള പഞ്ചായത്ത് രാജ് ബിൽഡിംഗിസ് റൂൾസിലെ ചട്ടം 35(2), പട്ടിക 2 പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ ഗ്രൂപ്പ് A1, വിഭാഗത്തിൽപ്പെട്ട 300 m2 ൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് പരമാവധി അനുവദനീയമായ വ്യാപ്തി 55% ആണ്. കൂടാതെ ചട്ടം 35-2(iii) പ്രകാരം 0.5 ഹെക്ടർ വരെ വിസ്തീർണമുള്ള പ്ലോട്ടുകളിൽ ഒന്നിലധികം വിഭാഗത്തിൽപ്പെടുന്ന (ഒരേ ബിൽഡിംഗിൽ) നിർമ്മാണങ്ങളുണ്ടങ്കിൽ, അതിൽ ഏറ്റവും നിയന്ത്രണമുള്ള വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ FAR, Coverage മൊത്തം നിർമ്മാണത്തിന് ബാധകമായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ശ്രീ.സുല്യ മോൻ, S/Oഅബൂബക്കർ ചെറുപള്ളിക്കൽ, കാരക്കുന്ന് പി.ഒ എന്നവർക്ക് Commercial com quarters ബിൽഡിംഗിന് ബിൽഡിംഗ് പെർമിറ്റ് (പെർമിറ്റ് നമ്പർ B1-BA 81149/2018) അനുവദിച്ചിട്ടുണ്ട്. അംഗീകൃത പ്ലാൻ/ സ്കെച്ച് എന്നിവ പ്രകാരം ഗ്രൗണ്ട് ഫ്ലോർ വാണിജ്യ വിഭാഗത്തിലും (ഗ്രൂപ്പ് F), 1, 2 നിലകൾ ഗ്രൂപ്പ് A1 വിഭാഗത്തിലും നിർമ്മാണം നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ചട്ടം 35-2(iii) പ്രകാരം മൊത്തം നിർമ്മാണത്തിനും ഗ്രൂപ്പ് A1 വിഭാഗത്തിൽപ്പെട്ട നിർമ്മാണത്തിന്റെ Coverage ബാധകമാകുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Permit No | : B1-BA 81149/2018 dtd 26.04.2018 |
| Plinth Area (as per Permit & Approved Plan) | : G.F-520.58M2 (COM)<br>FF -516.77M2 (RES)<br>2nd-516.77M2 (RES)<br>Stair-28.72<br>Total-1582.84M2 |
| Plot Area | : 885M2 |
| Coverage | : 58.82% |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/28-2-2020 ന മറുപടിയായി അപേക്ഷകനെ വിവരമറിയിച്ച് കവറേജ് അധികരിക്കാതെയുള്ള പ്ലാൻ ലഭ്യമാക്കി ആയത് പ്രകാരം നിർമ്മാണാനുമതി നല്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-30 കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ

പ്രൊ. നം.08/19 : കന്നുകുട്ടി പരിപാലനം

ബിൽ നം.2/18-19/18-12-18 Rs. 1,56,250/

ഈ പദ്ധതി പ്രകാരം ട്രഷറിയിൽ നിന്ന് തുക അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ Regional Aniamal Husbandary Centre, Nilambur ന്റെ അക്കൗണ്ടിലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി (@ 6250) നല്കിയിട്ടുണ്ട്. കൈപ്പറ്റിയതിനു രസീതി ( No. 954017/21-12-18) ഫയലിലുണ്ട്.

ഈ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

GO (MS)11/2001/AHD/20-1-2001 പ്രകാരം നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് ജി.ഒ. (എം.എസ്) 183/2007/തസ്വഭവ. തി.24-7-2007 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഭേദഗതി ഖണ്ഡിക താഴെ ചേർക്കുന്നു.

5.4 Special Livestock Breeding Programme.

Village Panchayats and urban local governments may contribute the subsidy from their development fund to the beneficiaries of Special Livestock Breeding Programme.

(a) The funding pattern per unit should be at the rate of Rs. 3250 by State Government, Rs. 3250 by local Government and Rs. 6500 by beneficiaries.

(b) The subsidy from the local government should be initially limited only to BPL families of general sector as well as SC / ST beneficiaries. If the coverage is achieved, the benefits of the scheme can be extended to APL families with prior approval of Government.

(c) The selection of beneficiaries under the scheme should be strictly in accordance with the norms and procedure laid down for selection of individual beneficiaries by local governments.

(d) Initially the State Government should release the subsidy to the Veterinary Surgeon (implementing officer) under intimation to the local government concerned. Thereafter, the local government would transfer its share to the implementing officer.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതിയിൽ, ഈ പദ്ധതിയ്ക്കുള്ള സബ്സിഡിയുടെ സംസ്ഥാന വിഹിതം ആദ്യം നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് നല്കേണ്ടതും, അപ്രകാരം തുക നല്കിയ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനു ശേഷമാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതെന്നും തുടർന്ന് നിർദ്ദേശമുണ്ട്. കൂടാതെ, ഈ പ്രൊജക്ടിന്റെ, പ്രൊജക്ട് രൂപീകരണ ഫോറത്തിൽ, നേരിട്ടുള്ള നിർവഹണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി പ്രൊജക്ടിൽ വകയിരുത്തിയ മൊത്തം തുക മുൻകൂറായി പിൻവലിച്ചതും, ഈ പദ്ധതിയുടെ നിർവഹണത്തിലെ ഒരംഗമല്ലാത്ത അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക് കൈമാറിയതും ക്രമത്തിലല്ല. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയിൽ 73075 രൂപ ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിക്കാൻ അവശേഷിക്കുന്ന 83175 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം 13/28-2-2020 നു മറുപടിയായി ഈ പദ്ധതി പ്രകാരം തുക മുഴുവനായി District level implimenting officerക്ക് കൈമാറണമെന്ന നിബന്ധനയുണ്ട് എന്നറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-31 പാർപ്പിടാവശ്യത്തിനു തരം മാറ്റി നൽകിയ സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണാനുമതി നൽകി.

എടവണ്ണ വില്ലേജ് RS No:73/35/1 ൽ ഉൾപ്പെട്ട 2726 m2 വിസ്തീർണ്ണമുള്ള സ്ഥലത്ത് President Commercial business co-ordination committee എന്നവർക്ക് 934.12m2 വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണാനുമതി (permit No.A2-(BA)49826/19dtd 22.02.2019) നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലാ കലക്ടറുടെ 22.03.2004 ലെ 2058/03, 15.01.2004ലെ 2056/03, 2059/2003 എന്നീ ഉത്തരവുകൾ പ്രകാരം ടി സർവ്വേ നമ്പറിൽ ഉൾപ്പെട്ട യഥാക്രമം 0.0607H, 0.0404H, 0.0404H എന്നീ സ്ഥലങ്ങൾ പാർപ്പിടാവശ്യത്തിനായി തരം മാറ്റി നൽകിയിട്ടുണ്ട്. എടവണ്ണ വില്ലേജ് ഓഫീസറുടെ

151/16.01.2019 നമ്പർ കൈവശ സർട്ടിഫിക്കറ്റ് പ്രകാരം സർവ്വേ നം 73/35/1 ലെ 0.2726H സ്ഥലം നിലം എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. പാർപ്പിടാവശ്യത്തിനു തരം മാറ്റി നൽകിയ സ്ഥലവും നിലമായി അവശേഷിക്കുന്ന സ്ഥലവും ഉൾപ്പെടുത്തി വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. ആയത് ക്രമ പ്രകാരമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം – 17 /29-02-2020 ന മറുപടിയായി ഡാറ്റാ ബാങ്ക് പ്രകാരം മണ്ണ് ഫില്ലിങ്ങ് 10 വർഷം എന്ന രേഖപ്പെടുത്തിയതിനാലാണ് അനുമതി നൽകിയത് എന്നും ഭൂമി തരം മാറ്റിയ ഉത്തരവ് ഹാജരാക്കാൻ അപേക്ഷകനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

## 1-32 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ (ച.മീറ്ററിന്) പ്രകാരം 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 30/- രൂപയും, 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50/- രൂപയും, 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 75/- രൂപയുമാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് മേൽ നിരക്കിൽ വസ്തു നികുതി ചുമത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഉടമസ്ഥൻ | ശ്രീമതി പൂന്തല സക്കീന, തെങ്ങുംതൊടിയിൽ വീട്, ൂവക്കാട് പി.ഒ |
| | കെട്ടിട നമ്പർ | 17/449-A |
| | അസസ്മെന്റ് തിയ്യതി | 16.11.2018 |
| | ഉപയോഗം | വാണിജ്യം (ഷോപ്പിങ്ങ് മാൾ) |
| | പ്ലിന്ത് ഏരിയ | 243.04ച.മി |
| | ഈടാക്കേണ്ട വസ്തു നികുതി | [243.04*75 (-30% കുറവ്] + 5% LC, 12760 + 637 LC = 13397 |
| | ഈടാക്കിയ വസ്തു നികുതി | [243.04*40 (-30% കുറവ്] + 5% LC,6806 + 341LC = 7147 |
| | കുറവ് | 5954/- രൂപ +296LC |
| 2 | ഉടമസ്ഥൻ | ശ്രീമതി ചേലാട്ട് അംബികാ സുമതി, കൊളപ്പാട്, എടവണ്ണ.പി.ഒ |
| | കെട്ടിട നമ്പർ | 4/166E |
| | അസസ്മെന്റ് തിയ്യതി | 23.04.2018 |
| | ഉപയോഗം | വാണിജ്യം |
| | പ്ലിന്ത് ഏരിയ | 35 ച.മീ |
| | ഈടാക്കേണ്ട വസ്തു നികുതി | [35*30 ((-30% കുറവ്]+20% വർദ്ധനവ്)] + 5% LC,945+ 48 LC = 993 |
| | ഈടാക്കിയ വസ്തു നികുതി | [35*10 ((-30% കുറവ്]+20% വർദ്ധനവ്)] + 5% LC,315+ 16LC = 331 |

| | | |
|---|---|---|
| | കുറവ് | 630+32LC |
| 3 | ഉടമസ്ഥൻ | ശ്രീമതി ചേലാട്ട് അംബികാ സുമതി, കൊളപ്പാട്, എടവണ്ണ.പി.ഒ |
| | കെട്ടിട നമ്പർ | 4/166F |
| | അസസ്മെന്റ് തിയ്യതി | 23.04.2018 |
| | ഉപയോഗം | വാണിജ്യം |
| | പ്ലിന്ത് ഏരിയ | 105ച.മി |
| | ഈടാക്കേണ്ട വസ്തു നികുതി | [105*50 ((-30% കുറവ്]+20% വർദ്ധനവ്)] + 5% LC, 4725 + 237 LC = 4962 |
| | ഈടാക്കിയ വസ്തു നികുതി | [105*10 ((-30% കുറവ്]+20% വർദ്ധനവ്)] + 5% LC,945+ 48LC = 993 |
| | കുറവ് | 3780 + 189 LC |
| 4 | ഉടമസ്ഥൻ | ശ്രീമതി ചേലാട്ട് അംബികാ സുമതി, കൊളപ്പാട്, എടവണ്ണ.പി.ഒ |
| | കെട്ടിട നമ്പർ | 4/166G |
| | അസസ്മെന്റ് തിയ്യതി | 23.04.2018 |
| | ഉപയോഗം | വാണിജ്യം |
| | പ്ലിന്ത് ഏരിയ | 88ച.മി |
| | ഈടാക്കേണ്ട വസ്തു നികുതി | [88*30 ((-30% കുറവ്]+20% വർദ്ധനവ്)] + 5% LC,2376+ 119 LC = 2495 |
| | ഈടാക്കിയ വസ്തു നികുതി | [88*10 ((-30% കുറവ്]+20% വർദ്ധനവ്)] + 5% LC,792+ 40 LC = 832 |
| | കുറവ് | 1584+79 LC |
| 5 | ഉടമസ്ഥൻ | മണ്ടതൊടിക അബ്ദുൽ ഹമീദ്, മണ്ടതൊടിക വീട്, ഈസ്റ്റ് ചാത്തല്ലൂർ |
| | കെട്ടിട നമ്പർ | 2/500A |
| | അസസ്മെന്റ് തിയ്യതി | 19.09.2018 |
| | ഉപയോഗം | വാണിജ്യം |
| | പ്ലിന്ത് ഏരിയ | 137.7M2 |
| | ഈടാക്കേണ്ട വസ്തു നികുതി | [137.7*50 (-30% കുറവ്] + 5% LC,4820+ 241 LC = 5061 |
| | ഈടാക്കിയ വസ്തു നികുതി | [137.7*30 ((-30% കുറവ്+ 5% LC,2892+ 147 LC = 3039 |
| | കുറവ് | 1928+94LC |

| | | |
|---|---|---|
| | ആകെ കുറവ് (1-5) | വസ്തു നികുതി 13876/-രൂപ ഗ്രന്ഥശാലാവരി 690/-രൂപ |

ഓഡിറ്റ് എൻക്വയറി നം – 18/01-03-2020 ന മറുപടിയായി കുറവു വന്ന തുക ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-33 തെരുവു വിളക്ക് അറ്റകുറ്റ പണിക്ക് വാങ്ങിയ സാധനങ്ങൾ നീക്കിയിരിപ്പില്ല

വിവിധ വാർഡുകളിൽ തെരുവു വിളക്ക് അറ്റകുറ്റ പണി നടത്തുന്നതിനായി വാങ്ങിയ സാധന സാമഗ്രികൾ നേരാംവണ്ണം സ്റ്റോക്ക്- ഇഷ്യൂ കാണിക്കാത്തതിനാൽ 158994 രൂപയുടെ സാധന സാമഗ്രികൾ നീക്കിയിരിപ്പ് കാണുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും- അപാകതകൾ

പഞ്ചായത്ത് ഡയറക്ടറുടെ 17-08-2015-ലെ ജി-2-44274/2015 നമ്പർ ഉത്തരവിൽ തെരുവ് വിളക്ക് പരിപാലനത്തിനായി അടാട്ട് ഗ്രാമ പഞ്ചായത്ത് മാതൃക അവലംബിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 -ൽ ' വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈറ്റ് റിപ്പയറും പുതിയത് സ്ഥാപിക്കലും (പ്രോജക്ട് നമ്പർ 53/19 ) എന്ന പേരിലുള്ള പ്രോജക്ട് സെക്രട്ടറി നിർവ്വഹണം നടത്തുകയുണ്ടായി.

തെരുവ് വിളക്കുകൾ സ്ഥാപിക്കാനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ വിളിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ M/s.മിറാനോ ട്രേഡ് ലിങ്ക്സിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന് സെക്രട്ടറിയുടെ 19-03-19 -ലെ 26/18-19 നമ്പർ ബിൽ പ്രകാരം 3,66,400 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും മേൽ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്.

| ഇനം | എണ്ണം | വില | ഇൻവോയ്സ് നമ്പർ/ തീയതി |
|---|---|---|---|
| LED bulb | 1200 | 2,15,980 (നികുതി ഉൾപ്പെടെ | 146/21-02-19 |
| Bulb top | 500 | 12700 | 145/21-02-19 |
| Light fittings | 400 | 67800 | -ടി- |
| Service Wire | 1000 mtr | 16900 | -ടി- |
| Electric | 70 | 23723 | -ടി- |

| | | | |
|---|---|---|---|
| Fuse(100 A) | | | |
| Lader | 1 | 4235 | -ടി- |
| Helmet | 1 | 1270 | -ടി- |
| gloves | 2 | 423 | -ടി- |
| boot | 2 | 423 | -ടി- |
| നികുതി 18% | | 22,946 | |
| | ആകെ | 3,66,400 | |

ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട് അപാകതകൾ ചുവടെ കൊടുക്കുന്നു.

1- തെരുവ് വിളക്ക് പരിപാലനത്തിനായി തയ്യാറാക്കിയ പ്രോജക്റ്റിൽ ഇലക്ട്രീഷ്യനുള്ള വേതനം നൽകുന്നതിന് തുക വകയിരുത്തിയിട്ടില്ല.

2- പരാതികൾ സ്വീകരിക്കാൻ നോഡൽ ഓഫീസറേയും നോഡൽ പോയന്റും നിശ്ചയിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

3- പരമാവധി 2 ഇലക്ട്രീഷ്യന്മാരെ നിയമിക്കാമെങ്കിലും ശ്രീ.അബ്ദുൽ ഗഫാർ എന്നയാളെ ഇന്റർവ്യൂ നടത്തി ഭരണസമിതിയുടെ 27-02-19-ലെ 1(3) നമ്പർ തീരുമാന പ്രകാരം നിയമിക്കുകയാണുണ്ടായത്. ടിയാനുമായി കരാർ വെച്ചിട്ടില്ല. മാത്രമല്ല, ഒരു മാസം മാത്രം പ്രവൃത്തി ചെയ്ത് ടിയാൻ, തന്നെകൊണ്ട് തുടർന്ന് പ്രവൃത്തി ചെയ്യാൻ സാധിക്കുകയില്ലെന്ന് പറഞ്ഞ് മേൽ പ്രവൃത്തിയിൽ നിന്നും പിൻവലിയുകയാണുണ്ടായത്.

4- മേൽ പട്ടിക പ്രകാരം വാങ്ങിയ Lader, Helmet, gloves, boot എന്നിവ ശ്രീ.അബ്ദുൽ ഗഫാറിന് കൈമാറിയിരുന്നു. എന്നാൽ പ്രസ്തുത സാധന സാമഗ്രികൾ പ്രവൃത്തി ഉപേക്ഷിച്ച് പോയ സമയത്ത് ടിയാൻ തിരികെ ഏൽപ്പിച്ചിരുന്നില്ല. സെക്രട്ടറിയുടെ 10-02-2020 -ലെ എ1-1920/19 നമ്പർ കത്തിൽ പ്രസ്തുത സാധനങ്ങൾ 3 ദിവസത്തിനകം ഗ്രാമ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കാനാവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭിച്ച വിവരം ഫയലിലില്ല.

5- ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ് നമ്പർ വരെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ റിപ്പയറിനായി കരുതാവുന്നതുമാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

6- വാർഡ് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

7- ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസൈൽ ചെയ്യേണ്ടതുമാണ്. എന്നാൽ വാങ്ങിയ സാധനങ്ങൾ മുഴുവൻ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടില്ല.

8- തെരുവ് വിളക്ക് ലഭിച്ചുവെന്നത് സംബന്ധിച്ച വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിലുണ്ട്. എന്നാൽ വിവിധ വാർഡുകളിലെ ഏതെല്ലാം പോസ്റ്റുകളിലാണ് വിളക്കുകൾ സ്ഥാപിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ കാണിച്ചിരിക്കുന്ന ബൾബുകൾ/ഫിറ്റിംഗ്സുകളുടെ എണ്ണം ഫയലിൽ സൂക്ഷിച്ചിരിക്കുന്ന സ്റ്റോക്ക്- ഇഷ്യൂ സംഗ്രഹവുമായി പൊരുത്തപ്പെടുന്നില്ല.

9- തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12-03-13 -ലെ 65529/ഡി.സി3/12/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കാനാവശ്യമായ സാങ്കേതിക സഹായം KSEB നൽകേണ്ടതും ആയതിന് സൂപ്പർവിഷൻ ചാർജ്ജ് KSEB -യിൽ അടവാക്കേണ്ടതുമാണ്. എന്നാൽ കേടായ തെരുവ് വിളക്ക്

റിപ്പയർ ചെയ്യുന്നതിന് /മാറ്റി സ്ഥാപിക്കുന്നതിന് KSEB യോട് അനുവാദം തേടിയതായി ഫയലിലുണ്ടെങ്കിലും 525 ബൾബുകൾ മാറ്റുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതായി കാണുന്നുള്ളൂ.

9- ഫയലിൽ സൂക്ഷിച്ചിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്നത്രയും സാധനങ്ങൾ നീക്കിയിരിപ്പ് കാണേണ്ടതാണ്.

| ഇനം | ലഭിച്ചത് | ഉപയോഗിച്ചത് | നീക്കിരിപ്പ് | ആയതിന്റെ വില (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| LED bulb | 1200 | 645 | 555 | 99,900 |
| Bulb top | 500 | 276 | 224 | 6,713 |
| Light fittings | 400 | 275 | 125 | 25,000 |
| Service Wire | 1000 mtr | 690 | 310 | 6,181 |
| Electric Fuse (100 A) | 70 | 17 | 53 | 21,200 |
| | | | ആകെ | 1,58,994 |

ഇവ ഭൗതിക പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27-02-2020 -ന് നൽകിയ9 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തെരുവ് വിളക്കുകൾ നന്നാക്കാൻ നിയോഗിച്ച ശ്രീ.അബ്ദുൽ ഗഫാർ എന്നവരുടേയും വാർഡ് മെമ്പർമാരുടേയും അപേക്ഷ പ്രകാരം സാധനസാമഗ്രികൾ വിതരണം ചെയ്ത സമയത്ത് രജിസ്റ്ററിൽ ഇഷ്യൂ രേഖപ്പെടുത്താത്തതിനാലാണ് ഇത്തരം ഒരു അപാകത വന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അവശേഷിക്കുന്ന സാധനസാമഗ്രികൾ പഞ്ചായത്തിൽ ഇല്ലാത്ത സ്ഥിതിക്ക് 1,58,994 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതും മുഴുവൻ അപാകതകൾക്കും തൃപ്തികരമായ വിശദീകരണം നൽകേണ്ടതുമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 22.07.2019 മുതൽ 23.07.2019 വരെ | കെ.എസ്.എ.എം.പി.എം. 05/1960/2019<br>തിയ്യതി: 22-08-2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1300000 | 175/19 ലൈഫ് ഭവന പദ്ധതി | 1300000 | 0 |
| | 600000 | 177/19 ലൈഫ് ഭവന പദ്ധതി (എസ്.സി) | 0 | 600000 |
| | 150000 | 298/19, ചട്ടിപ്പാറ മിനി വാട്ടർ വിതരണ പദ്ധതി | 0 | 150000 |
| ജില്ലാ പഞ്ചായത്ത് | 1169717 | 175/19 ലൈഫ് ഭവന പദ്ധതി | 1169717 | 0 |
| | 497700 | 69/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 497700 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ, ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | ബിൽ നമ്പർ 16/18-19 dtd 11.01.2019 | 2029482 | 0 | ലഭ്യമല്ല | 2029482 |
| | | 17/18-19 dtd 24.01.2019 | 72300 | 72300 | | |
| KSEB | മേലച്ചാൽ എസ്.സി ഇലക്ട്രിക് | ബിൽ നമ്പർ 3/18-19 | 30000 | 30000 | | |

| | | | | | | |
|---|---|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ | dtd 28.05.2018 | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1994-95& 1995-96 | 7(A) | 73 | സെക്രട്ടറി | 118100101702/ 17-05-2018 |
| 1994-95& 1995-97 | 7(B) | 780 | സെക്രട്ടറി | 118100101703/ 17-05-2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| -- | 1 | 2012-13 | 2.4 | ലഘു അവലോകനം - ഫ്രണ്ട് ഓഫീസ് പ്രവർത്തനം | -- |
| 2011-12 | 2 | | 3.3 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് - ആരോഗ്യമേഖല | -- |
| 2011-12 | 3(1) | 2014-15 | 4.1 | നിഷ്ക്രിയാസ്തികൾ - അവലോകനം | -- |
| 2011-12 | 3(2) | 2014-15 | 4.2.6 | മണൽ വാരൽ - അവലോകനം | -- |
| 2014-15 | 2(1), 2(2) | 2016-17 | അദ്ധ്യായം-2, അനുബന്ധം-4 | തൊഴിൽ നികുതി, വസ്തു നികുതി-ഈടാക്കാത്തത് സംബന്ധിച്ച് | -- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2008-11 | 3-17 | ശ്രീമതി.ശ്രീകല, വി.ഇ.ഒ, ഗ്രാമ വികസന വകുപ്പ് | LF6668/ Spl.Cell/SC/D1/13 /04.04.15 | 102000/- | -- | -- | -- | 102000/- |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 137586308 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 107811023 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,58,994 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4371535 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 158994 | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 96000 | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി |
| 1-18 | 227964 | ശ്രീ.സുബൈർ ബാബു.കെ, കൃഷി ഓഫീസർ |
| 1-20 | 2482646 | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി |
| 1-22 | 120000 | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി |
| 1-23 | 58000 | ശ്രീ.അബൂബക്കർ, ഹെഡ് മാസ്റ്റർ |
| 1-24 | 968400 | ശ്രീ.അബൂബക്കർ, ഹെഡ് മാസ്റ്റർ |
| 1-25 | 335350 | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി |
| 1-30 | 83175 | ഡോ.സൂരജ്.സി, വെറ്ററിനറി സർജൻ |
| | 4371535 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫാസിൽ ഷാ.ഐ,സെക്രട്ടറി | സെക്രട്ടറി, ചളവറ ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല. | T.C 20/1543(1), F.S Cottage, ശാസ്ത്രി നഗർ വെസ്റ്റ്-41, കരമന.പി.ഒ, പിൻ-695002, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1994-95<br>1995-96 | എൽ.എഫ്.എം.15/615/99 തി.15.09.2010 | 5 |
| 1996-97 | എൽ.എഫ്.എം.15/615/99 തി.15.09.2010 | 3 |
| 1997-98 | എൽ.എഫ്.എം.15/1124/02 തി.15.09.2010 | 17 |
| 1998-99 | എൽ.എഫ്.എം.15/1376/02 തി.15.09.2010 | 15 |
| 1999-00 | എൽ.എഫ്.എം.15/257/03 തി.15.09.2010 | 11 |
| 2000-01 | എൽ.എഫ്.എം.15/1650/03 തി.15.09.2010 | 10 |
| 2001-02 | എൽ.എഫ്.എം.6/1651/03 തി.15.09.2010 | 27 |
| 2002-03 | എൽ.എഫ്.എം.6/284/08 തി.15.09.2010 | 3 |
| 2003-04 | എൽ.എഫ്.എം.6/285/08 തി.15.09.2010 | 9 |
| 2004-05 | എൽ.എഫ്.എം.6/1740/08 തി.15.09.2010 | 22 |
| 2005-06 | എൽ.എഫ്.എം.6/1840/09 തി.26.12.2011 | 27 |
| 2006-07 | എൽ.എഫ്.എം.8/652/11 തി.05.01.2012 | 13 |
| 2007-08 | എൽ.എഫ്.എം.8/1660/11 തി.26.12.2011 | 5 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം.5/2129/12 തി.24.09.2012 | 25 |
| 2011-12 | കെ.എസ്.എ.എം.പി.എം.5/3564/14 തി.26.08.2017 | 9 |
| 2012-13<br>2013-14 | കെ.എസ്.എ.എം.പി.എം.5/1408/15 തി.26.07.2017 | 11 |
| 2014-15 | കെ.എസ്.എ.എം.പി.എം.5/732/16 തി.17.07.17 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/2423/16 തി.19.02.18 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1773/17 തി.20.07.18 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം.5/12/19 തി.04.06.19 | 24 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം 5/1960/2019

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 22.08.2019

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ( ഹയർ ഗ്രേഡ്)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.